കേരളശബ്ദം ONLINE

24 May 2026

# വേമ്പനാട് കായൽ പുനരുജ്ജീവനവും പൊക്കാളി കൃഷി സംരക്ഷണവും പരിഗണനയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്




കൊച്ചി: വേമ്പനാട് കായൽ പുനരുജ്ജീവനവും പൊക്കാളി കൃഷി സംരക്ഷണവും പരിഗണനയിലെന്നു എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ. 'ഖേത് ബച്ചാവോ അഭിയാൻ' കാമ്പയിനിന്റെ ഭാഗമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലയുടെ കാർഷിക അഭിവൃദ്ധി ലക്ഷ്യമിട്ട് സമഗ്ര പഠനം നടത്തി ഇതുൾപ്പെടെ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഫാം ടൂറിസം രംഗത്തെ മികച്ച സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി, ജില്ല പഞ്ചായത്തിന് കീഴിലുള്ള നേര്യമംഗലത്തെ 235 ഏക്കർ കൃഷിയിടം മികവിന്റെ കേന്ദ്രമാക്കി മാറ്റും. നഗരപ്രദേശങ്ങളിലെ ഹോർട്ടികൾച്ചർ സാധ്യതകൾ വിപുലപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്.

മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കാനുള്ള അടിയന്തര ശ്രമങ്ങൾ ആവശ്യമാണ്. ലാഭകരമല്ലാത്ത ഏകവിള കൃഷിരീതികൾക്ക് പകരം വിപണിയുടെ ആവശ്യകത മുൻകൂട്ടി കണ്ടുകൊണ്ടുള്ള സംയോജിത കൃഷിരീതികളാണ് പുതിയ കാലത്ത് അനുയോജ്യമെന്നും കെ ജി രാധാകൃഷ്ണൻ പറഞ്ഞു.